23894

എ1/ 79000/ 2015/ ഡി.പി.ഐ

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം.
തിരുവനന്തപുരം. തീയതി :22/12/2015

## സർക്കുലർ- II

**വിഷയം:-** പൊതു വിദ്യാഭ്യാസം- ജീവനക്കാര്യം- 2015-16 അദ്ധ്യയന വർഷം അദ്ധ്യാപകരുടെ അന്തർജില്ലാ സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട് മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

**സൂചന:-**

| | |
|---|---|
| 1) | 25.05.1999 ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 120/99/പൊ.വി. |
| 2) | 02.12.1991 ലെ സർക്കാർ ഉത്തരവ് 36/1991/പി&എ.ആർ.ഡി |
| 3) | 16.03.1996 ലെ സർക്കാർ ഉത്തരവ് നമ്പർ 12/96/പി&എ.ആർ.ഡി |
| 4) | 28.10.2002 ലെ സർക്കാർ ഉത്തരവ് നമ്പർ 316/2002/പൊ.വി. |
| 5) | 10.09.2004 ലെ സർക്കാർ ഉത്തരവ് നമ്പർ 12/04/ഉ.ഭ.പ.വ |
| 6) | 30.12.2009 ലെ സർക്കാർ ഉത്തരവ് നമ്പർ 22/09/പി&എ.ആർ.ഡി |
| 7) | 23.04.2003 ലെ സർക്കാർ ഉത്തരവ്(എം.എസ്) നമ്പർ 94/2003/പൊ.വി. |
| 8) | 27.03.2010 ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 11/2010/പി.& എ.ആർ.ഡി |
| 9) | പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 23.11.2015 തീയതിയിലെ എ1/79000/2015/ഡി.പി.ഐ നമ്പർ സർക്കുലർ. |
| 10) | 17.07.2014 ലെ സർക്കാർ ഉത്തരവ്(എം.എസ്) നമ്പർ 132/2014/ പൊ.വി.വ |
| 11) | 06.07.2012 ലെ സ.ഉ(എം.എസ്) നമ്പർ 217/2012/പൊ.വി.വ |
| 12) | 23.08.2012 ലെ സ.ഉ(പി) നം.42/2012/ഉ.ഭ.പ.വ. |
| 13) | സ.ഉ.(എം.എസ്)നം.11/96/പി.&എ.ആർ.ഡി തീയതി 16.03.1996 |
| 14) | സർക്കാർ കത്ത് നം.37462/ജെ3/14/പൊ.വി.വ തീയതി 5.12.2014 |
| 15) | സർക്കുലർ നമ്പർ എ1/80429/15/ഡി.പി.ഐ തീയതി 06.11.2015 |
| 16) | കത്ത് നമ്പർ 39986/ജെ3/15/പൊ.വി.വ തീയതി 14.10.2015 |
| 17) | സ.ഉ.(പി)നമ്പർ 36/2014/ഉഭപവ തീയതി 30.10.2014 |

പൊതു വിദ്യാഭ്യാസ വകുപ്പിലെ സർക്കാർ ഹൈസ്ക്കൂൾ അദ്ധ്യാപകർ,പ്രൈമറി അദ്ധ്യാപകർ ഭാഷാദ്ധ്യാപകർ എന്നിവരുടെ അന്തർ ജില്ലാ സ്ഥലംമാറ്റത്തിന് സ്വീകരിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ സൂചനയിലെ സർക്കാർ ഉത്തരവുകൾക്ക് വിധേയമായി ചുവടെ ചേർക്കുന്നു.

അന്തർജ്ജില്ലാ സ്ഥലംമാറ്റം വർഷത്തിൽ ഒരു പ്രാവശ്യം മാത്രം നടത്തുന്നതാണ്. 14 റവന്യൂ ജില്ലകളിലും 2015-16 അദ്ധ്യയന വർഷത്തിൽ അന്തർ ജില്ലാ സ്ഥലംമാറ്റത്തിനായി നീക്കി വച്ചിട്ടുളള നിശ്ചിത ശതമാനം ഒഴിവിലേയ്ക്ക് അർഹരായ അദ്ധ്യാപകർക്ക് സ്ഥലം മാറ്റം നൽകുന്നു. സൂചന 15 സർക്കുലറിനെ അടിസ്ഥാനപ്പെടുത്തിയുള്ള ഒഴിവിന്റെ ആനുപാതികമായ വിഹിതമാണ് 2015-16 അദ്ധ്യയന വർഷത്തിലെ അന്തർജ്ജില്ലാ സ്ഥലംമാറ്റത്തിന് ഒഴിവുകൾ കണക്കാക്കുന്നതിനുളള മാനദണ്ഡമായി തൽക്കാലം സ്വീകരിക്കേണ്ടത്. ഒഴിവുകൾ വിഹിതം ചെയ്യുമ്പോൾ സൂചന 16 പ്രകാരമുള്ള സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്. 2015-16 അദ്ധ്യയനവർഷത്തിലെ തസ്തിക നിർണ്ണയം സംബന്ധിച്ച സർക്കാർ ഉത്തരവ് ലഭിക്കുന്ന മുറക്ക് അധികഒഴിവുകൾ കണ്ടെത്തിയാൽ സീനിയോറിറ്റി ലിസ്റ്റിലെ മുൻഗണനാപ്രകാരം നിയമനഉത്തരവ് അപ്പോൾ നൽകാവുന്നതാണ്. കോമൺപൂളിൽ ഉൾപ്പെട്ടിട്ടുളള അദ്ധ്യാപകരുടെ അന്തർജ്ജില്ലാ സ്ഥലംമാറ്റം പൂർത്തിയായതിന് ശേഷം പഞ്ചായത്ത് സ്കൂളുകളിൽ ബാക്കിയുളള ഒഴിവുകൾ ഓൺലൈൻ പൊതു സ്ഥലംമാറ്റത്തിന് മാറ്റിവയ്ക്കേണ്ടതാണ്. ഓൺലൈൻ മുഖേന സമർപ്പിക്കുന്ന അപേക്ഷകൾ ഹെഡ്മാസ്റ്റർ തലത്തിലും വിദ്യാഭ്യാസ ഉപഡയറക്ടർ തലത്തിലും പരിശോധന നടത്തിയ ശേഷം ഓൺലൈൻ സ്ഥലംമാറ്റത്തിനായി പരിഗണിക്കുന്നതാണ്. അപേക്ഷ സംബന്ധിച്ച വിവരം www.transferandpostings.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. അപേക്ഷകന് ഒരു അപേക്ഷ മാത്രമേ രജിസ്റ്റർ ചെയ്യുവാൻ അനുവാദമുളളു. ഒരു പ്രാവശ്യം അപേക്ഷ സമർപ്പിച്ചുകഴിഞ്ഞാൽ അതിൽ ഒരു തരത്തിലുള്ള മാറ്റവും വരുത്താൻ കഴിയുകയില്ല. എന്നാൽ അപേക്ഷ സമർപ്പിക്കുന്നതിന് അനുവദിച്ചിട്ടുളള നിശ്ചിത തിയതിയ്ക്കകം അപേക്ഷയിൽ എന്തെങ്കിലും തിരുത്തലുകൾ നടത്തണമെന്നുണ്ടെങ്കിൽ പുതുതായി ഒരു അപേക്ഷ സമർപ്പിക്കാവുന്നതും ആദ്യത്തെ അപേക്ഷ റദ്ദു ചെയ്യുന്നതിലേയ്ക്കായി ആ അപേക്ഷയുടെ ആപ്ലിക്കേഷൻ ഐ.ഡി.ചൂണ്ടിക്കാട്ടി പ്രധാനാദ്ധ്യാപകൻ മുഖേന വിദ്യാഭ്യാസ ഉപഡയറക്ടർക്ക് അപേക്ഷ നൽകേണ്ടതും വിദ്യാഭ്യാസ ഉപഡയറക്ടർമാർ complaint link- ൽ ശുപാർശ സഹിതം പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് നൽകേണ്ടതും പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ പരിശോധനയ്ക്കു ശേഷം അപേക്ഷ വെബ്സൈറ്റിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള നടപടികൾ ഐ.റ്റി@സ്കൂൾ -

സ്വീകരിക്കുന്നതുമാണ്. അപേക്ഷകർക്ക് ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതിനായി ഇന്റർനെറ്റ് സൗകര്യമുള്ള ഏത് കമ്പ്യൂട്ടറും ഉപയോഗിക്കാവുന്നതാണ്. അപേക്ഷയുടെ ആദ്യഭാഗത്ത് അപേക്ഷകന്റെ വ്യകതിഗതകാര്യങ്ങളാണ് രജിസ്റ്റർ ചെയ്യേണ്ടത്. വ്യക്തിഗത പാസ്‌വേഡ് (പാസ്‌വേഡ് അപേക്ഷകന് ഇഷ്ടമുള്ളത് നൽകാം) രഹസ്യസ്വഭാവമുള്ളതായിരിക്കണം. ഈ പാസ്‌വേഡ് ഉപയോഗിച്ചാണ് പിന്നീട് അപേക്ഷയുടെ വിശദാംശങ്ങൾ പരിശോധിക്കേണ്ടത്. അപേക്ഷ പൂരിപ്പിച്ച സമയത്ത് ലഭിച്ച് Application I.D-യും അപേക്ഷകൻ നൽകിയ പാസ്‌വേഡും ഭദ്രമായി സൂക്ഷിച്ച് വയ്ക്കേണ്ടതാണ്. വീണ്ടും പ്രിന്റ് ഔട്ട് എടുക്കുന്നതിനും തുടർന്ന് വരുന്ന ട്രാൻസ്ഫറിന്റെ വിവരങ്ങൾ അറിയുന്നതിനും Application I.D-യും പാസ്‌വേഡും അത്യന്താപേക്ഷിതമാണ്. 16.01.2016 വൈകുന്നേരം 5 മണിവരെ അപേക്ഷ രജിസ്റ്റർ ചെയ്യാവുന്നതാണ്. രജിസ്റ്റർ ചെയ്ത അപേക്ഷ പ്രധാന അദ്ധ്യാപകനും, അതാത് വിദ്യാഭ്യാസ ഉപഡയറക്ടറും വെരിഫൈ ചെയ്തു എന്ന് അപേക്ഷകനും ഉറപ്പുവരുത്തേണ്ടതാണ്. **ഇതു സംബന്ധിച്ചുള്ള പരാതികൾ പിന്നീട് പരിഗണിക്കാൻ നിർവ്വാഹമില്ല എന്നറിയിക്കുന്നു.**

ഓൺലൈനിലൂടെ അല്ലാതെയുള്ള അപേക്ഷ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല. നിയമനം ലഭിച്ച ജില്ലയിൽ അഞ്ച്(5) വർഷം ഒരേ തസ്തികയിൽ സേവനം പൂർത്തീകരിച്ചവർക്ക് മാത്രമേ അന്തർജില്ലാ സ്ഥലംമാറ്റത്തിന് അപേക്ഷിക്കുവാൻ അർഹതയുള്ളു. 2015 മാർച്ച് 31 അടിസ്ഥാനമാക്കിയാണ് സർവ്വീസ് ദൈർഘ്യം കണക്കാക്കുന്നത്.

ഒരു അപേക്ഷകന് ഒരു ജില്ലയിലേയ്ക്ക് മാത്രമേ അപേക്ഷ അയയ്ക്കാൻ അനുവാദമുള്ളു. അപേക്ഷകന്റെ താൽപര്യമനുസരിച്ച് 10 സ്കൂളുകൾ തെരഞ്ഞെടുക്കുന്നതിനുള്ള സംവിധാനം ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത 10 സ്കൂളുകളിൽ ഏതിലെങ്കിലും സ്ഥലം മാറ്റം നൽകാൻ കഴിയാതെ വരുന്ന സാഹചര്യത്തിൽ ജില്ലയിലെ മറ്റേതെങ്കിലും സ്കൂളിൽ ഒഴിവിന്റെ ലഭ്യത അനുസരിച്ച് സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ നിയമനം നൽകുന്നതിനായി പരിഗണിക്കേണ്ടതുണ്ടോ എന്ന ചോദ്യത്തിന് Yes എന്ന് നൽകിയാൽ അപേക്ഷകർ ആരും ഇല്ലാത്ത ഒഴിവുകൾ ഉള്ള സ്കൂളുകളിൽ അപേക്ഷകനെ സീനിയോറിറ്റി

അനുസരിച്ച് പരിഗണിക്കുന്നതാണ്. എന്നാൽ ഈ ചോദ്യത്തിന് No എന്നാണ് നൽകുന്നതെങ്കിൽ അപേക്ഷകൻ തെരഞ്ഞെടുത്ത സ്കൂളിലേയ്ക്കു മാത്രമേ പരിഗണിക്കുകയുള്ളു.

ഇപ്പോൾ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്ന അദ്ധ്യാപകർക്ക് അന്തർജില്ലാസ്ഥലംമാറ്റത്തിനായി അപേക്ഷ സമർപ്പിക്കുവാൻ അനുവാദമില്ല.

ഒരിക്കൽ അന്തർജില്ലാ സ്ഥലംമാറ്റം ലഭിച്ച ജീവനക്കാരൻ ആ ജില്ലയിൽ അഞ്ചു വർഷത്തെ സേവനം പൂർത്തിയാക്കിയതിന് ശേഷമേ രണ്ടാമത്തെ അന്തർജില്ലാ സ്ഥലംമാറ്റത്തിന് അർഹതയുണ്ടായിരിക്കുകയുള്ളു.

അന്തർജില്ലാ സ്ഥലംമാറ്റത്തിന് ഇപ്പോൾ ജോലി ചെയ്യുന്ന തസ്തികയിലെ സർവ്വീസ് ദൈർഘ്യമാണ് സീനിയോറിറ്റിയ്ക്കായ് പരിഗണിക്കുന്നത്. LWA കാലയളവും ഡെപ്യൂട്ടേഷൻ കാലയളവും കുറച്ചതിന് ശേഷമുള്ള കാലയളവാണ് സർവ്വീസ് ദൈർഘ്യമായി കണക്കാക്കുന്നത്.

പെൻഷന് രണ്ട് വർഷം മാത്രം സർവ്വീസ് ബാക്കിയുള്ളവർക്ക് സ്വന്തം താൽപര്യപ്രകാരം സ്ഥലംമാറ്റം മുൻഗണനാക്രമത്തിൽ നൽകുന്നതാണ്.

അന്തർജില്ലാ സ്ഥലംമാറ്റത്തിനായി നീക്കിവച്ചിട്ടുള്ള നിശ്ചിത ശതമാനം ഒഴിവുകൾ താഴെ പറയും വിധം നികത്തുന്നതാണ്.

(a) 50% ജനറൽ സീനിയോറിറ്റി.

(b) 30% പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗത്തിന്.

(c) 20% സഹതാപാർഹ സ്ഥലംമാറ്റത്തിനായി പരിഗണിക്കേണ്ടവർക്ക്.

സഹതാപാർഹ സ്ഥലമാറ്റത്തിനായി ഓൺലൈനിൽ അപേക്ഷിക്കേണ്ടതില്ല. ഇതിലേയ്ക്കായി നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുമ്പോൾ അപേക്ഷ വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ ഉചിതമാർഗ്ഗേന അയയ്ക്കേണ്ടതാണ്. ടി അപേക്ഷകളിൽ നിന്ന് മുൻഗണനാ പട്ടിക തയ്യാറാക്കി എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും അയച്ചുകൊടുക്കുന്നതാണ്. ഇതിലേയ്ക്കായി നിശ്ചയിച്ചിട്ടുള്ള നിശ്ചിതശതമാനം ഒഴിവുകൾ മാറ്റിവെയ്ക്കണമെന്നതും നിലവിലുള്ള ലിസ്റ്റിൽ നിന്നുമാത്രം നിയമനം നടത്തുവാനും എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

സ്ഥലംമാറ്റത്തിന് പ്രത്യേക പരിഗണന അർഹിയ്ക്കുന്ന വിഭാഗങ്ങളെ പ്രതിപാദിച്ച് സർക്കാർ കാലാകാലങ്ങളിൽ ഉത്തരവ് പുറപ്പെടുവിക്കാറുണ്ട്. പരാമർശം 17 ഉത്തരവിന്റെ അടിസ്ഥാനത്തിൽ അത്തരം വിഭാഗക്കാരെ താഴെ കൊടുത്തിരിക്കുന്ന പ്രകാരം ക്രമം നിശ്ചയിച്ച് പരിഗണിക്കാവുന്നതാണ്. ഒരോ തസ്തികകളിലും ഏത് വിഭാഗത്തിൽപ്പെട്ടവരെയാണ് മുൻലിസ്റ്റുകളിൽ നിന്നും അവസാനമായി പരിഗണിച്ചത് ആയതിന്റെ തുടർച്ചയായിട്ടായിരിക്കും ഈ വർഷത്തിൽ പരിഗണിക്കുന്നത്. പ്രസ്തുത വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ ഉപഡയറക്ടർ തലത്തിൽ സൂക്ഷിക്കേണ്ടതും രേഖപ്പെടുത്തലുകൾ ശരിയാണെന്ന് ഉപഡയറക്ടർ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

1. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവർ
2. അംഗവൈകല്യം സംഭവിച്ചവർ
3. മിശ്രവിവാഹിതർ/ നിയമപരമായി കുട്ടികളെ ദത്തെടുത്തിട്ടുള്ളവർ.
4. വിമുക്തഭടൻ.
5. സർവ്വീസിലുളള ജവാന്റെ ബന്ധു.(സ.സർക്കുലർ 2562/എ.ആർ13(2)/2008 ഉ.ഭ.പ.വ തിയതി 15.05.2008 പ്രകാരം കര,നാവിക, വ്യോമ സേനയിൽ(സായുധ സേന) സേവനമനുഷ്ഠിക്കുന്നവരെ മാത്രമാണ് ജവാൻ/സൈനികൻ എന്ന സംജ്ഞയിൽ ഉൾപ്പെടുത്തിയിട്ടുളളത്).
6. സ്വാതന്ത്ര്യ സമര സേനാനിയുടെ ഭാര്യ/മകൻ/മകൾ
7. ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന കുട്ടികളുടെ മാതാപിതാക്കൾ.
8. അംഗീകൃത സർവ്വീസ് സംഘടനകളുടെ സംസ്ഥാന പ്രസിഡന്റ്/ജനറൽ സെക്രട്ടറി (ഇവർക്ക് സംസ്ഥാന ഹെഡ്ക്വാർട്ടേഴ്സിൽ നിയമനം ലഭിക്കുവാൻ അർഹതയുണ്ട്.)
9. ശ്രവണ/ സംസാര ശേഷി സംബന്ധിച്ച വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ മാതാപിതാക്കൾ.
10. വിധവ/വിഭാര്യൻ.
11. മൂകരും ബധിരരുമായ ഉദ്യോഗസ്ഥർ
12. പ്രവാസി കേരളീയരുടെ ഭാര്യ/ഭർത്താവ് (സ.ഉ.(എം.എസ്).നമ്പർ 8/2014/ഉഭപവ തീയതി 03.03.2014 പ്രകാരം നോർക്ക റൂട്ട്സ് നൽകുന്ന തിരിച്ചറിയൽ കാർഡ്

ബന്ധപ്പെട്ട എംബസിയിൽ നിന്നുള്ള രേഖകൾ, കാലാവധിയുള്ള വിസ സ്റ്റാമ്പ് ചെയ്ത പാസ്പോർട്ടിന്റെ പകർപ്പ് എന്നിവയിലേതെങ്കിലും ഒന്ന് പ്രവാസിയാണെന്നതിന്റെ രേഖയായി ഹാജരാക്കേണ്ടതാണ്.)

13. അർദ്ധ സൈനിക വിഭാഗങ്ങളിൽ ജോലി ചെയ്യുന്ന സൈനികരുടെ ആശ്രിതർ
14. അന്ധരായ ഉദ്യോഗസ്ഥർ

പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗക്കാർ ഈ പരിഗണന നൽകുന്നതിനാവശ്യമായ രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് പരിശോധന നടത്തുന്നതിനായി വിദ്യാഭ്യാസ ഉപഡയറക്ടർക്ക് നൽകേണ്ടതും പ്രയോറിറ്റി അനുവദിച്ചു കിട്ടി എന്ന് അപേക്ഷകൻ ഉറപ്പുവരുത്തേണ്ടതുമാണ്.

അന്തർജില്ലാ സ്ഥലംമാറ്റം ലഭിയ്ക്കുന്ന പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗക്കാർ പ്രസ്തുത വിഭാഗത്തിൽ ഉൾപ്പെട്ടതാണെന്ന് തെളിയിക്കുന്ന രേഖകളുടെ അസ്സൽ, ജോലിയിൽ നിന്ന് വിടുതൽ ചെയ്യുന്നതിനു മുൻപായി ടി സ്കൂൾ മേലധികാരി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

സൂചന(4) ലെ സർക്കാർ ഉത്തരവ് അനുസരിച്ച് വയനാട് ജില്ലയിലെ ട്രൈബൽ, മലയോര എത്തിച്ചേരാൻ ദുഷ്കരമായ പ്രദേശങ്ങളിലുള്ള സ്കൂളുകളിൽ ജോലി ചെയ്യുന്നവർക്ക് സ്ഥലം മാറ്റത്തിന് സീനിയോറിറ്റി കണക്കാക്കുന്നത് ചുവടെ പറയുന്ന മാനദണ്ഡങ്ങൾ കൂടി പരിഗണിച്ചായിരിക്കും. മേൽപ്പറഞ്ഞ സ്കൂളുകളിൽ 5 വർഷം പൂർത്തിയാക്കിയവർക്ക് ഒരോ വർഷത്തേയും സർവ്വീസ് ഒന്നര വർഷത്തെ സർവ്വീസായി പരിഗണിക്കുന്നതാണ്. അങ്ങനെ കണക്കാക്കുമ്പോൾ തുല്യത വരുന്ന പക്ഷം സർവ്വീസ് കൂടുതലുള്ള ആൾക്ക് മുൻഗണന നൽകുന്നതാണ്. എന്നാൽ വയനാട് ജില്ലയിൽ 5 വർഷം പൂർത്തിയായവർക്ക് മാത്രമേ പ്രസ്തുത ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുകയുള്ളു.

23.04.2003 ലെ ജി.ഒ(എം.എസ്)/94/2003/പൊ.വി.വ ഉത്തരവിൽ അനുബന്ധമായി ചേർത്തിട്ടുള്ള ദുർഘടം പിടിച്ച/ചെന്നെത്താൻ പ്രയാസമുള്ള/വനപ്രദേശങ്ങൾ എന്നിവിടങ്ങളിൽ ജോലി ചെയ്യാൻ സന്നദ്ധതയുള്ള 5 വർഷത്തിൽ കുറവ് സേവന ദൈർഘ്യമുള്ള അദ്ധ്യാപകർക്ക് പ്രസ്തുത ഉത്തരവിലെ നിബന്ധനകൾക്ക് വിധേയമായി സ്ഥലം മാറ്റത്തിനപേക്ഷിക്കാവുന്നതാണ്.

സ.ഉ(പി)12/96/ഉ.ഭ.പ.വ.തിയതി.16.03.1996 പ്രകാരം ഇടുക്കി, വയനാട്, കാസർഗോഡ് ജില്ലകളിലേയക്ക് സ്ഥലംമാറ്റത്തിന് അപേക്ഷിക്കുന്നവർക്ക് ജോലി ചെയ്യുന്ന ജില്ലയിൽ അഞ്ച് വർഷത്തെ സേവന ദൈർഘ്യം ആവശ്യമില്ല.

സ.ഉ.(പി)36/91/ഉ.ഭ.പ.വ തിയതി 02.12.1991 അനുസരിച്ചും സർവ്വീസിലുള്ളതോ, സർവ്വീസിലിരിക്കെ ഡ്യൂട്ടി സമയത്ത് മരണമടഞ്ഞതോ ആയ ജവാന്റെ അടുത്ത ബന്ധുകൾക്കും ആശ്രിതർക്കും അന്തർജില്ലാ സ്ഥലംമാറ്റത്തിനായി 5 വർഷത്തെ സേവന ദൈർഘ്യത്തിൽ നിന്നും ഇളവ് അനുവദിച്ചിട്ടുണ്ട്. ഇതിനായി ക്ലെയിം ചെയ്യുന്ന അപേക്ഷകർ ആയത് തെളിയിക്കുന്ന രേഖകൾ വിദ്യാഭ്യാസ ഉപഡയറക്ടർ മുമ്പാകെ സമയബന്ധിതമായി ഹാജരാക്കിയതിന് ശേഷം മാത്രമേ വിദ്യാഭ്യാസ ഉപഡയറക്ടർമാർ ഈ പ്രയോരിറ്റി ശുപാർശ ചെയ്യേണ്ടതുള്ളു.

അന്തിമ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിന് തലേ ദിവസം വരെ സ്ഥലംമാറ്റ അപേക്ഷകൾ റദ്ദു ചെയ്യുന്നതിന് സൗകര്യമുണ്ടായിരിക്കുന്നതാണ്. അപേക്ഷകൾ റദ്ദുചെയ്യുന്നതിനുള്ള നടപടിക്രമം ഈ സർക്കുലറിന്റെ ആദ്യ ഭാഗത്ത് സൂചിപ്പിച്ചിട്ടുണ്ട്. അന്തിമ സീനിയോറിറ്റി ലിസ്റ്റിൽ നിന്നും നടത്തുന്ന സ്ഥലംമാറ്റം ഒരു സാഹചര്യത്തിലും റദ്ദ് ചെയ്ത് നൽകുന്നതല്ല.

അന്തിമ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന മുറയ്ക്ക് വിദ്യാഭ്യാസ ഉപഡയറക്ടർമാർ സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിക്കേണ്ടതും ഈ ഉത്തരവ് വെബ്സൈറ്റിൽ നൽകുകയും അദ്ധ്യാപകർക്ക് ഇവ ഡൗൺലോഡ് ചെയ്ത് റിലീവ് ചെയ്യുന്നതിനായി ഉപയോഗിക്കാവുന്നതാണ്. എന്നിരുന്നാലും വിദ്യാഭ്യാസ ഉപഡയറക്ടർമാർ സ്ഥലംമാറ്റ ഉത്തരവ് ബന്ധപ്പെട്ട അദ്ധ്യാപകർക്കും പ്രധാനാദ്ധ്യാപകർക്കും രജിസ്റ്റേർഡ് തപാൽ മുഖേന നിർബന്ധമായും അയയ്ക്കേണ്ടതും സ്ഥലംമാറ്റം അനുവദിച്ച അദ്ധ്യാപകരെ ഉത്തരവ് തീയതി മുതൽ 14 ദിവസത്തിനകം വിടുതൽ ചെയ്യുന്നതിനുള്ള നിർദ്ദേശം നടപടി ഉത്തരവിൽ സൂചിപ്പിക്കേണ്ടതും പ്രധാനാദ്ധ്യാപകൻ ഇപ്രകാരം ചെയ്തിട്ടുണ്ടെന്ന് വിദ്യാഭ്യാസ ഉപഡയറക്ടർമാർ ഉറപ്പുവരുത്തേണ്ടതുമാണ്.

സ്ഥലംമാറ്റം ലഭിക്കുന്ന അദ്ധ്യാപകർ സ.ഉ(പി) നമ്പർ 42/2012/ഉ.ഭ.പ.വ തിയതി.23.08.2012 അനുസരിച്ച് പുതിയ ജില്ലയിൽ ജോലിയിൽ പ്രവേശിക്കുന്ന തിയതി മുതൽ പ്രൊബേഷൻ ആരംഭിച്ച് പൂർത്തിയാക്കേണ്ടതാണ്.

അപേക്ഷ സമർപ്പിച്ചു കഴിഞ്ഞാൽ സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിക്കുന്നതുവരെയുള്ള എല്ലാ നടപടി ക്രമങ്ങളും ഓൺലൈൻമുഖേനയാണ് നടക്കുന്നത്. അതിനാൽ അപേക്ഷകർ നിരന്തരം നടപടി ക്രമങ്ങൾ നിരീക്ഷിക്കേണ്ടതും പരാതികൾ/ തർക്കങ്ങൾ എന്നിവയുണ്ടെങ്കിൽ ഇതിനായി അനുവദിച്ചിരിക്കുന്ന സമയത്ത് പരാതി രേഖാമൂലം ഉചിത മാർഗ്ഗേന വിദ്യാഭ്യാസ ഉപഡയറക്ടർക്ക് നൽകേണ്ടതുമാണ്. അനുവദിച്ചിരിക്കുന്ന സമയപരിധിക്കുള്ളിൽ ലഭിക്കാത്ത ഒരു പരാതിയും പരിഗണിക്കുന്നതല്ല.

ഓൺലൈൻ അന്തർജില്ലാ സ്ഥലംമാറ്റം സംബന്ധിച്ചുള്ള സാങ്കേതികമായ സംശയ നിവാരണത്തിനായി ഐ.റ്റി@ സ്കൂൾ പ്രോജക്ടിലും (0471-2529800) മറ്റ് പൊതുവായുള്ള സംശയ നിവാരണത്തിനായി ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിലോ, പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലോ (0471-2580513) പ്രവൃത്തി ദിവസങ്ങളിൽ ബന്ധപ്പെടാവുന്നതാണ്

അപേക്ഷയുടെ സൂക്ഷ്മ പരിശോധന മുതൽ സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിക്കുന്നതുവരെയുള്ള എല്ലാ നടപടിക്രമങ്ങളുടെയും സമയക്രമം നിശ്ചയിച്ച് ചുവടെ ചേർക്കുന്നു.

1) ഓരോ ജില്ലകളിലെയും ഓരോ തസ്തികകളിലേയും ഒഴിവുകളുടെ വ്യക്തമായ കണക്ക് നിശ്ചിത മാതൃകയിൽ വെബ്സൈറ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള അവസാന തീയതി 31.12.2015.
2) അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 16.01.2016
3) സ്കൂൾ തലത്തിലും വിദ്യാഭ്യാസ ഉപജില്ലാതലത്തിലും അപേക്ഷകൾ പരിശോധിക്കുന്നതിന് അനുവദിച്ച സമയം 18.01.2016 മുതൽ 23.01.2016 വരെ
4) വിദ്യാഭ്യാസ ഉപഡയറക്ടർതലത്തിൽ അപേക്ഷ പരിശോധിക്കുന്നതിനും സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നതിനും അപേക്ഷകളിൽ പ്രധാനാധ്യാപകർ/ഉപ

ജില്ലാ വിദ്യാഭ്യാസ ഓഫീസർ എന്നിവർ രേഖാമൂലം ആവശ്യപ്പെടുന്ന തിരുത്തലുകൾ അനുവദിക്കുന്നതിനും നിശ്ചയിച്ചിട്ടുള്ള സമയപരിധി 25.01.2016 മുതൽ 30.01.2016 വരെ.

5) ജില്ലയിൽ ഓരോ തസ്തികയിലേക്കും ലഭിച്ച അപേക്ഷകളുടെ വിശദാംശങ്ങൾ (സീനിയോറിറ്റി) അടങ്ങിയ സംക്ഷിപ്ത രൂപം (താൽക്കാലിക സീനിയോറിറ്റി ലിസ്റ്റ്) പ്രസിദ്ധീകരിക്കുന്നതിനുള്ള അവസാന തീയതി 06.02.2016.

6) സീനിയോറിറ്റി ലിസ്റ്റ് സംബന്ധിച്ച് അപേക്ഷകർക്ക് ആക്ഷേപം സമർപ്പിക്കുന്നതിനുള്ള സമയപരിധി 08.02.2016 മുതൽ 12.02.2016 വരെ.

7) ആക്ഷേപങ്ങൾ പൂർണ്ണമായി പരിഹരിച്ച് അന്തിമ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനുള്ള അവസാന തീയതി 19.02.2016

8) ഹൈസ്കൂൾ അധ്യാപകർ, പ്രൈമറി അധ്യാപകർ എന്നിവരുടെ താൽക്കാലിക സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള അവസാന തീയതി 22.02.2016.

9) താൽക്കാലിക സ്ഥലംമാറ്റ ഉത്തരവിൽ ആക്ഷേപം സമർപ്പിക്കുവാൻ അനുവദിച്ചിരിക്കുന്ന സമയപരിധി 23.02.2016 മുതൽ 26.02.2016 വരെ.

10) ഹൈസ്കൂൾ അധ്യാപകർ, പ്രൈമറി അധ്യാപകർ എന്നിവരുടെ അന്തിമ സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള തീയതി 05.03.2016.

സമയക്രമം കർശനമായി പാലിക്കുന്നതിന് ഓരോ തലത്തിലും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

ഉഷാകുമാരി.വി.എസ്.
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ
**പൊതു വിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി**

1) എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും.
2) എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.റ്റിസ്കൂൾ പ്രോജക്ട്, പൂജപ്പുര തിരുവനന്തപുരം.(ആവശ്യമായ ക്രമീകരണങ്ങൾ നടത്തുന്നതിലേയ്ക്കായി)
3) എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.
4) എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.
5) എല്ലാ പ്രധാനാദ്ധ്യാപകർക്കും.

(3–5: } *ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർ മുഖേന*)

6) എ3/ബി1/ബി2 സെക്ഷൻ, പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം.
7) കരുതൽ ഫയൽ

*എസ്.ജി. 16.12.2015*

പുറത്തെഴുത്ത് കത്ത് നം.എ1/23894/2015 തീയതി 28/12/2015

പകർപ്പ് എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും എല്ലാ ഗവൺമെന്റ് ഹൈസ്ക്കൂൾ പ്രധാന അദ്ധ്യാപകർക്കും അറിവിലേയ്ക്കും അനന്തരനടപടികൾക്കുമായി സമർപ്പിക്കുന്നു.

പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടർക്കുവേണ്ടി

പകർപ്പ്

1) എ3 ,എ4 സെക്ഷൻ

2) വിദ്യാഭ്യാസ ഉപഡയറക്ടറുടെ വെബ്സൈറ്റിൽ